# പുനർജനി

പ്രസിദ്ധീകരണം:

**ലിറ്റിൽ കൈറ്റ്സ്**

**(LK/2018/40052)**

**എസ്.എൻ.ട്രസ്റ്റ്.എച്ച്.എസ്.എസ്, പുനലൂർ**

# പുനർജനി

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
S.N.T.H S S പുനലൂർ

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: കെ
സൈദ(ഹെഡ്മിസ്ട്രസ്)

സ്റ്റുഡന്റ് എഡിറ്റർ: യാസി
ജ ാഫർ, വിനിത വിനോദ്

സബ് എഡിറ്റേഴ്സ്: ആരതി എ,
നദിയ, ഇന്ദ്രജിത്ത്
.ആർ,മജേഷ്. ജെ

# പുനർജനി

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
S.N.T.H S S പുനലൂർ

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: കെ സൈദ(ഹെഡ്മിസ്ട്രസ്)

സ്റ്റുഡന്റ് എഡിറ്റർ: യാസി ജാഫർ, വിനിത വിനോദ്

സബ് എഡിറ്റേഴ്സ്: ആരതി എ, നദിയ, ഇന്ദ്രജിത്ത് .ആർ,മജേഷ്. ജെ

# ആമുഖം

അത്ഭുതങ്ങളുടെ കലവറയായ ഇൗ ലോകത്ത് സർഗസൃഷ്ടികൾ അശ്വമേധം നടത്തുമ്പോൾ പിറന്നു വീഴുന്ന പുൽക്കൊടിയും. പ്രപഞ്ച രഹസ്യങ്ങളുടെ കലവറയാണ്. സംശയദൃഷ്ടിയാൽ കണ്ട ശാസ്ത്രസത്യങ്ങൾ കൗതുകമുണർത്തുമ്പോളാണ് കുരുന്ന് സൃഷ്ടികൾ ജന്മമെടുക്കുന്നത്. ചെറിയ ചിന്തകൾപോലും വലിയ തത്വങ്ങളായി തീരാൻ വേണ്ടി "പുനർജനി" ഒരുങ്ങുകയാണ് കൂടെ നിന്ന് താങ്ങായി തീർന്ന

**എല്ലാവർക്കും ആദരവിന്റെ ഒരു പിടി പൂക്കൾ അർപ്പിച്ചു കൊണ്ട്...........**

# ഉള്ളടക്കം


1. പുത്തൻ
വിദ്യാലയവർഷം.......................................................................

2.
അമ്മ.............................................................................................

3.
ഗ്യാലക്സി..........................................................................................

4.
വിളക്കുകൾ........................................................................................

5.
പ്രണയം.............................................................................................

6. ഉറുമ്പു
ചാലുകൾ........................................................................

7. ഊണും
ഉറക്കവും....................................................................................

8.
കൊല്ലം...............................................................................................

9.
മഴത്തുള്ളി.........................................................................................

10. കണക്കിനെ
പേടിക്കല്ലേ.........................................................................

11. ബസ്സുകളുടെ
കണ്ടുമുട്ടല്.........................................................................

12. മാർസ്
എക്സ്പ്ലോറേഷൻ..............................................................

13.
സൗഹൃദം..........................................................................................

14. ഒ◌ാർമകളാണല്ലോ
ഒ◌ാർമകൾ..........................................................

15. പൊതു
വിജ്ഞാനം...............................................................................................

16. Little Juck
Honer.......................................................................................................

17. സുമൻ (ഹിന്ദി)..........................................................................................

# പുത്തൻ വിദ്യാലയവർഷം

ചറപിറ ചറപിറ മഴമേളം
പുതു കുട ചൂടി നടന്നീടാം
പള്ളിക്കുടമ◌ുണർന്നല്ലോ
മണിയടിയല്ലേ കേൾക്കുന്നു
കോടിയുടുപ്പുകൾ ഉണ്ടല്ലോ
പാഠമതെല്ലാം ചൊല്ലേണം
നല്ലതുചെയ്യാൻ നമ്മൾക്ക്
അറിവേഗുന്നു ഗുരുനാഥൻ
പഠിച്ചുയർന്നാലെന്നെന്നും
നമുക്കുനല്ലതുവന്നീടും
ജീവിതവിജയം നേടീടാൻ
നമ്മൾ പഠിച്ചേ മതിയാവു
Swathy

# അമ്മ

ഒരു നാൾ അവളീ -
ഭൂമിയിൽ വന്നു
മധുവിന്റെ മധുരമായ്
പുഞ്ചിരിതൂകി
ജീവന്റെ പാതിയായ്
കണ്ടു മാറോട് ചേർത്തു
നാം ആർക്കോ വേണ്ടി
"മാതൃത്വത്തെ ഉപേക്ഷിച്ചോ"
Abhinav.S

# ഗാലക്സി

അനേക കോടി നക്ഷത്രങ്ങളും നേബുലകളും നക്ഷത്രാന്തര പൊടിപടലങ്ങളും വാതകങ്ങളും മനുഷ്യനേത്രങ്ങൾകൊണ്ട് കാണുവാൻ കഴിയാത്ത പദാർത്ഥങ്ങളും ഉൗർജരൂപങ്ങളും ചേർന്ന ഗുരുത്വാകർഷണ ബന്ധിതമായ വ്യവസ്ഥ. സ്ഥൂലപ്രപഞ്ചത്തിന്റെ അടിസ്ഥാന നിർമാണ ഘടകമാണ് ഗാലക്സികൾ എന്നു പറയാം..

# വിളക്കുകൾ

ചന്തമിയന്നൊരു വെട്ടം മാഞ്ഞു
അന്തി കൂരിരിരുൾ മൂടുന്നു
കുറ്റിക്കാട്ടിൽ വാഴത്തൊടിയിൽ
റാന്ത വിളക്കുകൾ തെളിയുന്നു
കുഞ്ഞേ റാന്തവിളക്കുകളില്ലൊരു
മിന്നാമിന്നിക്കൂട്ടങ്ങൾ
ഇരുളകറ്റാൻ കഴിയും മട്ടിൽ
ചൊരിയുകയത്രേ പൊൻവെട്ടം...

# പ്രണയം

ഇനിയും പ്രണയമോ
ദുഃഖത്തിലേക്കുള്ള
തിരിച്ചുപോക്കോ?
ഇനിയുള്ള നാളുകൾ
ആർക്കുവേണ്ടി?
നീയെനിക്കുള്ളതല്ലേ
പിരിയിലൊരിക്കലും
എന്നൊരു വാക്കിൽ
വഴുതിവീഴുകയാണോ?
രഞ്ജിത്ത്.ആർ

# ഉറുമ്പു ചാലുകൾ

ഇന്ന് ഏത് റോഡിലിറങ്ങിയാലും കാണുന്നത് ജാഥ. ഉറുമ്പുചാലുകൾ പോലെ. തലങ്ങും വിലങ്ങും ജാഥ. ഈ ജാഥകളാണ് ഇന്ന് രാജ്യത്തെ നിയന്ത്രിക്കുന്നത്. അവ ചിലപ്പോൾ തൊഴിലാളികളുടേത്. മറ്റു ചിലപ്പോൾ അധ്യ്ാപകരുടേത്, ഉദ്യോഗസ്ഥരുടേത്...
അവർ മുഷ്ടി ചുരുട്ടി വായുവിലിടിക്കും, ബാന്റും വാദ്യവുമുണ്ടാകും. കുഴൽവിളിയും കൂത്താട്ടവും കാണും. മെല്ലെപ്പറയാൻ പോലും നാണം തോന്നുന്ന പലതും സ്പീക്കറിൽ കൂടി വിളിച്ചു പറയും.  ഞാനിത് നാടാടെ കണ്ടപ്പോൾ  അത്ഭുതപെട്ടു. ഇത്രയധികം പേർക്ക് ഒപ്പം ഭ്രാന്ത് പിടിച്ചതെങ്ങനെ എന്ന് അമ്പരന്നു...
അത് എനിക്ക് രാജ്യവിവരം കുറവായതിനാൽ പറ്റിയ വിഡ്ഢിത്തം പറഞ്ഞു കേട്ടത് കാര്യം മഹത്തരമാണെന്നാണ് രാജ്യം നന്നാക്കാനാണെത്രെ എല്ലാരും ജാഥ നയിക്കുന്നത്...
ജാഥയുടെ നീളം അളന്നിട്ടാണ് ജാഥക്കാർ കാര്യത്തിന്റെ വിജയം തീരുമാനിക്കുന്നത് . ഏറ്റവും നീണ്ട ജാഥയുണ്ടാക്കാൻ കഴിഞ്ഞാൽ നാട് ഭരിക്കാം. ഭരിക്കുന്നത് പൊളിക്കാം. സ്കൂൾ ഉണ്ടാക്കാം , പൊളിക്കാം. ഭരിക്കുന്നത് പൊളിക്കാം,ജാഥക്ക് കഴിയാത്തതായി ഒന്നുമില്ല. പണ്ടത്തെ കൊടികുഞ്ഞ് നേർച്ചകളെ ഇന്നത്തെ രാഷ്ട്രീയ സമ്മേളനങ്ങൾ തോൽപ്പിച്ചിരുന്നു...
രാഷ്ട്രീയക്കാരന്റെ ലക്ഷണം തട്ടിപ്പ്,വെട്ടിപ്പ്,പുലഭ്യം പറയാനുള്ള കഴിവ്, നാണമില്ലായ്മ,സ്വാർഥം തുടങ്ങി കൊണ്ടാണ് മഹാന്മാർ രാഷ്ട്രീയത്തിൽ നിന്ന് മാറി നിൽക്കുന്നത്...
ഡോക്ടർമാർ മൃഗങ്ങളെ പരീക്ഷണം നടത്തുന്നത് പാപമാണ് അവർക്ക് രാഷ്ട്രീയനേതാക്കളില്ലേ എന്ന് ഒരു മഹാൻ പറഞ്ഞത് ഒ്ാർമവരുന്നത്...
ഹലാക്ക് പിടിച്ച രാഷ്ട്രീയ്ം ആരെയും വിടില്ല എന്നതാണ് സങ്കടം. അധ്യാപകർ,വിദ്യാർഥികൾ,സ്ത്രീകൾ,ശവങ്ങൾ എല്ലാം അവർ ഉപയോഗപ്പെടുത്തും. പഠിക്കാനോ പഠിപ്പിക്കാനോ അനുവദിക്കില്ല. ശവം കുഴിച്ചുമൂടാൻ കിട്ടില്ല. രാഷ്ട്രീയ പാർട്ടികൾക്ക് രക്തസാക്ഷിയായി പൊക്കി പിടിച്ച് ജാഥ നയിക്കണം...
വിദ്യാർഥികൾ കുട്ടികളാണ്. വിവേചകം എത്താത്തവർ അവരെ രാജ്യതാത്പര്യത്തിന്റെ മഹത്വം പറഞ്ഞ് രംഗത്തിറക്കുന്നു. എന്നിട്ട് പഠിപ്പുമുടക്കുകയാണ്. പൊമുതൽ തല്ലിത്തകർക്കയാണ്. ഒരു വിദ്യാർത്ഥിയെ കൊന്നു കിട്ടാൻ നേർച്ച നേർന്നിരിക്കയാണ് രാഷ്ട്രീയക്കാർ. ആ ശവം അവർക്കാവശ്യമുണ്ട്...
അവരുടെ വിഷവൃക്ഷത്തിന് വളമിടാൻ,,,
നേട്ടം രാഷ്ട്രീയ നേതാക്കൾക്ക്,നഷ്ടം തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും .. പാവപെട്ടവർ!! അവരുടെ ഭാവിയാണ് നഷ്ടപ്പെടുന്നത് അവരെപ്പറ്റി സ്വയം ബോധവാന്മാരാകുക. അതൊന്നു മാത്രമാണ് രക്ഷക്ക് മാർഗം.........,

Yasi J

ആദ്യമായി രസതന്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ ശാസ്ത്രജ്ഞൻ ?
J H വാന്റ് ഹോഫ്
ഓക്സിജൻ നിറമില്ലാത്ത വാതകമാണ്. എന്നാൽ ദ്രാവക ഓക്സിജന്റെ നിറമെന്ത് ?
നീല
ഭൗമോപരിതലത്തിൽ ഏറ്റവും കുറഞ്ഞ അളവിൽ കാണപ്പെടുന്ന സ്വാഭാവിക മൂലകം ?
Astatine
ഏത് സംയുക്തത്തിന്റെ സാന്നിധ്യം മൂലമാണ് ചൊവ്വാ ഗ്രഹത്തിന് ചുവപ്പ് നിറം കാണുന്നത് ?
Iron oxide
ആവർത്തന പട്ടികയിൽ പ്രതീകമായി വരാത്ത ഒരേ ഒരു ഇംഗ്ലീഷ് അക്ഷരം ?
J
ഒരു കുതിര ശക്തി എന്ന് പറയുന്നത് എത്ര വാട്ട്സ് ആണ് ?
746
ചിറകുള്ള ഒരേ ഒരു സസ്തനി ?
വവ്വാൽ
ജലത്തിന് ഏറ്റവും ഉയർന്ന സാന്ദ്രത ഉള്ള താപനില ?
4 ഡിഗ്രി സെൽഷ്യസ്
ഹരിതക തന്മാത്രയിൽ അടങ്ങിയിട്ടുള്ള ലോഹം ?
മഗ്നേഷ്യം
കടലാസ് ആദ്യമായി നിർമ്മിച്ചത് ഏത് സസ്യം ഉപയോഗിച്ചാണ് ?
Papyrus
തേനിൽ അടങ്ങിയിരിക്കുന്ന മുഖ്യ കാർബോഹൈഡ്രേറ്റ് ?
ഫ്രക്ടോസ്
രക്തഗ്രൂപ്പുകൾ കണ്ടെത്തിയ ശാസ്ത്രജ്ഞൻ ?
കാൾ ലാന്റ് സ്റ്റൈനർ
കുടം പുളിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ?
Hydroxy ctiric acid
ഗ്ലാസിനെ ലയിപ്പിക്കും എന്നതിനാൽ പ്ലാസ്റ്റിക് പാത്രങ്ങളിൽ സൂക്ഷിക്കുന്ന ആസിഡ്?

Hydrofluoric acid

# ഉൗണും ഉറക്കവും

ശാസ്ത്രം വിജയം നേടി. ഇനി
എന്തിനാണ് മതം ?
ശാസ്ത്രം വിജയിച്ചു . ഇനി എന്തിനാണ്
നീ തിന്നുന്നത്?
കുടിക്കുന്നത്? കുളിക്കുന്നത്? ........
എൻെറ ചോദ്യത്തിനർഥമില്ലേ ?
ശാസ്ത്രം  പുരോഗമിച്ചിരിക്കുന്നു  ....
നാം തിന്നുന്നതും കുടിക്കുന്നതും വേറെ
ആവശ്യത്തിനാണ്
ശാസ്ത്രമില്ലാഞ്ഞിട്ടല്ല ......ഉൗണും
ഉറക്കവും  പോലെയാണ് നമുക്ക്
ശാസ്ത്രവും മതവും  രണ്ടും
ജീവിതത്തിനാവശ്യമാണ്  ശാസ്ത്രവും
മതവും  അറിയാത്തവരാണ്
അവയ്ക്കിടയിൽ  വൈരുധ്യം
കാണുന്നത് മതം  വേണ്ടെന്ന്
ശാസ്ത്രജ്ഞന്മാർ പറയുന്നില്ല.
മറ്റുള്ളവരിലെന്നപോലെ  അവരിലും
വിശ്വാസികളും  അവിശ്വാസിയുമാണ്
അത് ഓരോരുത്തരുടെ

മാനസികാവസ്ഥയാണ് . ജീവിതത്തിന്റെ ശാസ്ത്രം നേടിത്തരുന്നത്. മാംസപേശികളുടച്ച് നിർവഹിക്കുന്നു. കൃഷിയിടങ്ങൾ തൊട്ട് ഫാക്ടറിവരെ പ്രവർത്തിക്കന്നു...

# കൊല്ലം

*കേരളത്തിലെ ഒരേയൊരു തൂക്കുപാലം കൊല്ലം ജില്ലയിലെ പുനലൂരിലാണ്.
*ഏറ്റവും കുറച്ച് കടത്തീരമുള്ള ജില്ലയാണ്.
*ലോകത്തിലെ ഏറ്റവും നീളമുള്ള മുള കൊല്ലത്ത് പട്ടാഴിയിലാണ്.
*കശുവണ്ടി ഫാക്ടറികൾ ഏറ്റവും കൂടുതലുള്ള ജില്ല.
*കേരളത്തിൽ എള്ള് കൂടുതലായി ഉല്പാദിപ്പിക്കുന്നത് കൊല്ലം ജില്ലയിലാണ്.
*പാലരുവി വെള്ളച്ചാട്ടം ഈ ജില്ലയിലാണ്.
*കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട കൊല്ലം ജില്ലയിലാണ്.
*കേരളത്തിൽ ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നത് പുനലൂർ കൊല്ലം ജില്ലയിലാണ്

വിനിത. വിനോദ്

# മഴത്തുള്ളി

ആരോ ആരോ ആരാരോ
കുടുകുടുവെട്ടണതാരാണോ?
കുന്നുകൾ കയറിയിറങ്ങി
ചടപുടവെട്ടണതാരാണോ?
ദൂരെ ദൂരെ മാനത്ത്
കണ്ണുകൾ ചിമ്മണതാരാണോ?
ഓരോ ഓരോ നേരത്തും
എൻ മനസ്സിൽ ആഘോഷം...

Indrajith .R

# കണക്കിനെ പേട◌ിക്കല്ലേ..

മിക്കവെർക്കും കണക്ക് ഒരു തലവേദന അഥവ അലർജിയാണ്.കണക്ക് കൈകാര്യം ചെയ്യുന്നരീതിയാണ് പലരെയും കണക്കിൽ നിന്ന് അകറ്റുന്നത്.ഗണിതത്തിലെ ലളിതവും എളുപ്പവുമായ വഴികൾ സ്വീകരിച്ചാൽ ഒരു പരിധിവരെ കണക്കിനോടുള്ള വെറുപ്പ് അകറ്റാം. പക്ഷെ മറ്റു വിഷയങ്ങളെ അപേക്ഷിച്ച് 100% മാർക്ക് ഏറ്റവും കൂടുതൽ കിട്ടുന്നത് കണക്കിനാണ്.

നിരഞ്ജന

# ബസ്സുകളുടെ കണ്ടുമുട്ടല്

പുനലൂർ എസ് എൻ ട്രസ്റ്റ് സ്കൂളിൽ നിന്നും ഒരു ബസ്സ് മണിക്കൂറിൽ 30 കി.മീ വേഗതയിൽ തിരുവനന്തപുരത്തേക്ക് രാവിലെ 8 മണിക്ക് പുറപെടുന്നു. ഒരു മണിക്കൂർ കഴിഞ്ഞ് അതായത്  9 മണിക്ക് അവിടെ നിന്നുതന്നെ മറ്റൊരു ബസ്സ് വീണ്ടും തിരുവനന്തപുരം ലക്ഷ്യമാക്കി യാത്ര തിരിക്കുന്നു . ഈ ബസ്സിന്റെ വേഗത മണിക്കൂറിൽ 40 കി.മീ ആണ് എങ്കിൽ  ആ ബസ്സുകൾ തമ്മിൽ എത്ര മണിക്ക് കണ്ടുമുട്ടും

ഉത്തരം : ഉച്ചക്ക് 12 മണിക്ക്

# മാർസ് എക്സ്പ്ലോറേഷൻ റോവർ

നാസയുടെ ചൊവ്വാ പര്യവേക്ഷണ പദ്ധതിയിൽ എപ്പോഴും പ്രവർത്തന നിരതമായിരിക്കുന്ന ഒന്നാണ് മാർസ് എക്സ്പ്ലൊറേഷൻ റോവർ (MER). 2003-ൽ വിക്ഷേപിക്കപ്പെട്ട ഇതിൽ രണ്ട് റോവറുകളാണുള്ളത്. MER-Aസ്പിരിറ്റും MER-B ഒാപ്പർച്യൂണിറ്റിയും.

പ്രവീണ

# സൗഹൃദം

ഒ◌ാർമ്മയിൽ ഞാൻ എൻ
നുറുങ്ങ് കൂട്ടൊന്ന് മെല്ലെതിരഞ്ഞു.
പട്ടംപോലെ വർണച്ചിറകൂകൾ വീശി
പറന്നു പാറ◌ിഉയരുന്നവിടെ
തണലായ് താങ്ങായ്
എതിനുമേതിനുമെപ്പോഴുമുണ്ടെൻ
ഒ◌ാർമ്മക്കൂട്ടിലെ സൗഹൃദം....

വിനിത. ആരതി

# ഒാർമകളാണല്ലോ ഒാർമകൾ

ഒാർമതൻ കൊച്ചൊരു കൈതോല വഞ്ചിയിൽ
ഞാനെന്റെ ഗ്രാമഭൂവിലെത്തി...
കാതണിയിട്ടു കിലുക്കുന്ന കൊന്നകൾ
സ്വാഗതമോതിക്കരങ്ങൾ വീശി...
തോടിൻകരകളിലാടും കദളികൾ
നീർമിഴിതാനേയെഴുതി നിന്നു...
പാടും കുയിലുമൊരു കീറുതിങ്കളും
ആതിര വന്നു പോം പാതകളും
കാവും കുളവും കണിയാരു താളത്തിൽ
പാടുന്ന പാട്ടിന്റെ പാലാഴിയും
ഒാണവും ആകാശത്തിന്മേൽ കിനാക്കളും
മേലേഞ്ഞാലികിളി പൈതങ്ങളും
കൈവിരൽത്താളിതൻ വള്ളിയിൽ പൂവിടും
ചേലുലാവും നീലക്കോളാമ്പിയും
ഒാള നിരകളിൽ തത്തികളിക്കുന്ന
മാനത്തുകണ്ണിയും പള്ളത്തിയും
വെള്ളത്തിലാശാന്റെ വേഗങ്ങളും
കണ്ടുമറിഞ്ഞുമെൻ ഗ്രാമതങ്ങളിൽ
ചുമ്മാ നടന്നു ഞാനെത്രനേരം...
ഒാണമില്ലോമനത്തുമ്പിയി,ല്ലീറനും
തോളത്തുവച്ചു വരുന്ന കാറ്റും
ആകെകഴുകിമിരുട്ടും പുതച്ചൊരു

# കൂനി മുത്തശ്ശിയെപ്പോലൻ ഗ്രാമം...
മഹേഷ്

# सुमन

हम सब सुमन बेकिचार के
हमारी धरती सबकी
जिसकी मिटटी मे जनमे हम
मिली धूप हमे है
सीचे गये जल से हम
Nandhu.s

. LITTLE JACK HONER

**Little Jack Honer**
**Sat in the corner**
**Eating a pie**
**He put in his thump**
**And pulled out a plum**
**And said “What agood boy am ?**
**Navya.Raj**